# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 548

09-02-2016-ൽ മറുപടിക്ക്

## പുതിയ വ്യവസായ പാർക്കുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | 2015-16 ബഡ്ജറ്റ് പ്രഖ്യാപനത്തിന് ശേഷം കെ.എസ്.ഐ.ഡി.സി. പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | കെ.എസ്.ഐ.ഡി.സി.യുടെ നിർമ്മാണത്തിലിരിക്കുന്ന ഓരോ വ്യവസായ പാർക്കിന്റെയും നിലവിലെ അവസ്ഥ വിശദമാക്കുമോ ; | (ബി) & (സി) | കെ.എസ്.ഐ,ഡി.സിയുടെ കുറ്റ്യാടി നാളികേര പാർക്ക് , പെട്രോകെമിക്കൽ പാർക്ക് കൊച്ചി, ഇലക്ട്രോണിക് പാർക്ക് കൊച്ചി എന്നീ വ്യവസായ പാർക്കുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കെ.എസ്.ഐ,ഡി.സിയുടെ നിർമ്മാണത്തിലിരിക്കുന്ന മറ്റ് വ്യവസായ പാർക്കുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | ഇവ ഓരോന്നും ഏത് വർഷമാണ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചതെന്നും എന്നത്തേക്ക് പ്രവർത്തനം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടതെന്നും വ്യക്തമാക്കുമോ ; | | |
| (ഡി) | ഇത്തരത്തിൽ പുതിയ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനും നിർമ്മാണത്തിലിരിക്കുന്നവ പൂർത്തീകരിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ ? | (ഡി) | പുതിയ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനും നിർമ്മാണത്തിലിരിക്കുന്നവ പൂർത്തീകരിക്കുന്നതിലും ബജറ്റിൽ വകയിരുത്തിയ തുക പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച തുക ഉപയോഗിച്ച് വിവിധ വ്യവസായ പാർക്കുകളിൽ റോഡ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗ്, ജലവിതരണ സംവിധാനം, ഇലക്ട്രിസിറ്റി, എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, മഴവെള്ള സംഭരണി, ചുറ്റുമതിൽ, കാന്റീൻ എന്നിവ സമയ ബന്ധിതമായി നിർമ്മിച്ചിട്ടുള്ളതാണ്. കെ.എസ്.ഐ. ഡി.സി.യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ ഏകദേശം 53 കമ്പനികൾ വ്യവസായം ആരംഭിക്കുകയും 87 ഓളം കമ്പനികൾ നിർമാണഘട്ടങ്ങളിലുമാണ്. വിവിധ പാർക്കുകളിലായി ഏകദേശം രണ്ടായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പുതിയ വ്യവസായ പാർക്കുകൾ

| | |
|---|---|
| ഐ.ജി.സി ചേർത്തല | കെ.എസ്.ഐ.ഡി.സി യുടെ ചേർത്തല വ്യവസായ പാർക്കിൽ ഒന്നാം ഘട്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ 2015ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. ചേർത്തല വ്യവസായ പാർക്കിൽ ചുറ്റുമതിൽ (2.4 കിമി) റോഡ് (1.2 കിമി), അഡ്മിനിസ്ട്രേറ്റിവ് ബിൽഡിംഗ് (1000 സ്ക്വ.ഫീ) ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ, എന്നിവയും നിർമ്മിച്ചിട്ടുണ്ട്. |
| ഐ.ജി.സി കണ്ണൂർ | കണ്ണൂർ വ്യവസായ പാർക്കിൽ റോഡ് (4.27 കി.മി) സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗ്, (100000 സ്ക്വ.ഫീ.) എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (1 എംഎൽ.ഡി കപ്പാസിറ്റി), ജലവിതരണസംവിധാനം (5 എംഎൽ.ഡികപ്പാസിറ്റി), ഇലക്ട്രിസിറ്റി, (6 എം വി എ)ചുറ്റുമതിൽ (5.23 കിമി), അഡ്മിനിസ്ട്രേറ്റിവ് ബിൽഡിംഗ് (16000 സ്ക്വ.ഫീ), മഴവെള്ളസംഭരണി, കാന്റീൻ, സെക്യൂരിറ്റി ക്യാബിൻ, ഗേറ്റ് എന്നിവ സമയബന്ധിതമായി നിർമ്മിച്ചിട്ടുണ്ട്. |
| ഐ.ജി.സി കിനാലൂർ | കെ.എസ്.ഐ.ഡി.സി യുടെ കിനാലൂർ വ്യവസായ പാർക്കിൽ ഒന്നാം ഘട്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ 2015ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് വ്യവസായ പാർക്കിൽ റോഡ് (2.75 കി.മി.), സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗ് (40000 സ്ക്വ.ഫീ.), അഡ്മിനിസ്ട്രേറ്റിവ് ബിൽഡിംഗ് (20000 സ്ക്വ.ഫീ) ചുറ്റുമതിൽ (4കിമി),, ജലശുദ്ധീകരണസംവിധാനം, ഇലക്ട്രിസിറ്റി (3 എംവി എ), എന്നിവ നിർമ്മിച്ചിട്ടുണ്ട്. |
| കെ.എസ്.ഐ,ഡി.സി ഇൻവെസ്റ്റ്മെന്റ് സോൺ, പാലക്കാട് | കെ.എസ്.ഐ.ഡി.സി. യുടെ പാലക്കാട് വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ 2014ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് വ്യവസായ പാർക്കിൽ അഡ്മിനിസ്ട്രേറ്റിവ് ബിൽഡിംഗ് (1500 സ്ക്വ.ഫീ), റോഡ് (1 കിമി), ചുറ്റുമതിൽ/ഫെൻസിംഗ് (2.7 കിമി),സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗ്, (64000 സ്ക്വ.ഫീ.) സെക്യൂരിറ്റി ക്യാബിൻ, ഗേറ്റ്എന്നിവ നിർമ്മിച്ചിട്ടുണ്ട്. |
| ബിസിനസ്സ് പാർക്ക്, അങ്കമാലി | അടിസ്ഥാന സൗകര്യ പദ്ധതികളൊന്നും നടപ്പിലാക്കി തുടങ്ങിയിട്ടില്ല. |
| ലൈഫ് സയൻസ്സ് പാർക്ക്, തിരുവനന്തപുരം | ലൈഫ് സയൻസ് പാർക്കിന്റെ ഒന്നാംഘട്ട അടിസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ് നിർമാണം, മഴവെള്ള സംഭരണം എന്നിവയുടെ ജോലി കഴിഞ്ഞ മാസം ജനുവരി 2016ൽ പൂർത്തീകരിച്ചു. 11 കെ.വി വൈദ്യുതി എടുക്കുന്നതിലേയ്ക്ക് വേണ്ടി 5.5 കോടി രൂപ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ, പാർക്കിലേയ്ക്കാവശ്യമായ 1 MLD ജലം ലഭിക്കുന്നതിലേയ്ക്കായി കേരള വാട്ടർ അതോറിറ്റിയുമായി ധാരണയിലായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ